"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

**പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ നടപടിക്രമം**

വിഷയം :- ജയിൽ ആസ്ഥാനകാര്യാലയം - ജീവനക്കാര്യം - ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടിയിലുള്ള മികവിന് ജയിൽ വകുപ്പ് മേധാവിയുടെ ബാഡ്ജ് ഓഫ് ഓണർ (BADGE OF HONOUR) അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 23-09-2025 തീയതിയിലെ സ.ഉ. (കൈ) നം.182/2025/HOME നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ: KPCS/530/2025-E7; തീയതി: 07-10-2025**

ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടിയിലുള്ള മികവിന് ജയിൽ വകുപ്പ് മേധാവിയുടെ ബാഡ്ജ് ഓഫ് ഓണർ (BADGE OF HONOUR) അനുവദിക്കുന്നതിന് പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എല്ലാ സ്ഥാപന മേധാവികളും സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അർഹതപ്പെട്ട ജീവനക്കാരുടെ അപേക്ഷകൾ പരാമർശ ഉത്തരവ് അനുസരിച്ച് ഒക്ടോബർ 5 എന്നത് ഈ വർഷം മാത്രം 2025 ഒക്ടോബർ 20-ന് മുൻപ് മേഖല ഡി. ഐ. ജി. മാർക്ക് സമർപ്പിക്കുവാനും, ആയതു മേഖല ഡി. ഐ. ജിമാർ പരിശോധിച്ച് യോഗ്യരായ ഉദ്യോഗസ്ഥരുടെ അപേക്ഷകൾ ജയിൽ ആസ്ഥാനകാര്യാലയം ഡി.ഐ.ജി. അദ്ധ്യക്ഷനും മേഖലാ ഡി.ഐ.ജി.മാർ അംഗങ്ങളുമായുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തെരഞ്ഞെടുക്കേണ്ടതും, അതിൽ നിന്നുള്ള (10% ശതമാനം വനിതകൾ ഉൾപ്പെടെ 33 ഉദ്യോഗസ്ഥർ) അന്തിമ ലിസ്റ്റ് 2025 ഒക്ടോബർ 31 ന് മുൻപായി വകുപ്പ് മേധാവിയ്ക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.

ബാഡ്ജ് ഓഫ് ഓണർ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള ചടങ്ങുകൾ എല്ലാ വർഷവും നടത്തുന്നതിനുള്ള ചുമതല ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്, ദക്ഷിണ മേഖല ആന്റ് ഡയറക്ടർ സിക്ക-ക്ക് നൽകികൊണ്ട് ഉത്തരവാകുന്നു.

Vinod Kumar M K
DEPUTY INSPECTOR GENERAL

സ്വീകർത്താവ്:-

1. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്, ദക്ഷിണ മേഖല ആന്റ് ഡയറക്ടർ സിക്ക, തിരുവനന്തപുരം
2. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്, മദ്ധ്യ മേഖല/ ഉത്തര മേഖല.

പകർപ്പ്:-

1. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
2. ടെക്നിക്കൽ ഓഫീസർ, ജയിൽ ആസ്ഥാനകാര്യാലയം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Signed by
Vinod Kumar M K
Date: 07-10-2025 12:30:21